# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

**മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ്**

**ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പായിൽ നിന്നും**

സർക്കുലർ നമ്പർ: 21

കർത്താവിൽ പ്രിയരെ,

'യേശുവിങ്കലേക്കു വരിക, എല്ലാ കുട്ടികളേയും യേശുവിങ്കലേക്കു കൊണ്ട് വരിക' എന്ന ലക്ഷ്യത്തോടെ 1905ൽ ആരംഭിച്ച മാർത്തോമ്മാ സൺഡേസ്കൂൾ സമാജം അതിന്റെ പ്രവർത്തനസരണിയിൽ 121 വർഷം പിന്നിട്ടിരിക്കുന്നു. സമാജത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവ കൃപയ്ക്കായി നന്ദി കരേറ്റുന്നു. ലോകമെമ്പാടുമുള്ള സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ, വ്യത്യസ്ത ഭാഷകളിൽ, സംസ്കാരങ്ങളിൽ, ദേശങ്ങളിൽ വളർത്തപ്പെടുന്ന കുഞ്ഞുങ്ങളെ യേശുവുമായുള്ള സജീവ ബന്ധത്തിലേക്ക് പ്രവേശിപ്പിക്കുകയും, ക്രിസ്തു സാക്ഷികളായി ജീവിക്കുന്നതിന് ഒരുക്കുകയും, വേദപുസ്തക പഠനത്തിൽ തല്പരരാക്കുകയും, സഭയുടെ വിശ്വാസം, ആരാധന, അനുഷ്ഠാനങ്ങൾ, പാരമ്പര്യങ്ങൾ എന്നിവ പഠിപ്പിച്ച് ദൈവാശ്രയത്തിലും സാമൂഹിക അവബോധത്തിലും വളരുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്ന ശുശ്രൂഷ സൺഡേസ്കൂളുകളിലൂടെ നിർവഹിച്ചു കൊണ്ടിരിക്കുന്നു.

യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിക്കത്തക്കവിധത്തിൽ കുഞ്ഞുങ്ങളെ നയിക്കാനും നാം എല്ലായ്പ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കണം. സമാജത്തിന്റെ വിവിധ പ്രവർത്തന പദ്ധതികളായ കൊല്ലം ആശ്രയ, വയനാട് സുഗന്ധഗിരി, സി. ഇ. സി. ചരൽക്കുന്ന് എന്നിവയുടെ പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടന്നു കൊണ്ടിരിക്കുന്നു. ''ദൈവ സ്നേഹത്തിൽ വളരുക'' എന്ന മുഖ്യ ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതിയുടെ ഒന്നും രണ്ടും വാല്യം പുസ്തകങ്ങൾ സൺഡേസ്കൂൾ കുഞ്ഞുങ്ങൾ പഠിക്കുന്നു. ദൈവ വചനം പഠിക്കുന്നതിനായി നിർബന്ധമായും കുഞ്ഞുങ്ങളെ സൺഡേസ്കൂളിൽ അയക്കുന്നതിനു മാതാപിതാക്കൾ ശ്രദ്ധിക്കണം. നമ്മുടെ സഭാംഗങ്ങൾ ഉള്ളടത്തെല്ലാം സമാജത്തിന്റെ പ്രവർത്തനങ്ങൾ ലഭ്യമാകണം എന്ന താല്പര്യത്തോടെ ജനറൽ സെക്രട്ടറിക്കൊപ്പം പ്രവർത്തിക്കുന്നതിന് രണ്ടു അസിസ്റ്റന്റ് സെക്രട്ടറിമാരുടെ സേവനം സമാജത്തിനു ലഭിച്ചു കൊണ്ടിരിക്കുന്നു. റവ. നോബിൾ മേലേത്ത് മാത്യുവിനെ കൂടാതെ റവ. സിജോ വർഗീസ് ബാഹ്യകേരള സൺഡേസ്കൂൾ പ്രവർത്തനത്തിനായി മുംബൈയിൽ താമസിച്ചു പ്രവർത്തിക്കുന്നതിന് നിയോഗിച്ചിരിക്കുകയാണ്. കേരളത്തിന് പുറത്ത് നഗരങ്ങളിലും ഗ്രാമങ്ങളിലും സൺഡേസ്കൂൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള സമാജത്തിന്റെ പരിശ്രമത്തിനു ഏവരുടേയും സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു. അടുത്തവർഷം മാരാമൺ കൺവൻഷൻ സമാപന ദിവസം ഞായറാഴ്ച രാവിലെ 9.30 മുതൽ 10.30 വരെ കുഞ്ഞുങ്ങൾക്കും അദ്ധ്യാപകർക്കുമായി ഇദംപ്രദമായി പ്രത്യേക കൺവൻഷൻ നടത്തുന്നതിന് എപ്പിസ്കോപ്പൽ സിനഡും സുവിശേഷ പ്രസംഗ സംഘവും അനുവാദം നൽകിയിരിക്കുന്നു. യോഗത്തിന്റെ ക്രമീകരണത്തിനായി ഏവരും പ്രാർത്ഥിക്കുകയും കൺവൻഷനിൽ പങ്കെടുക്കുന്നതിന് മുൻകൂട്ടി ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

2026 നവംബർ മാസം 1-ാം തീയതി ഞായറാഴ്ച നാം അഖില ലോക സൺഡേസ്കൂൾ ദിനമായി ആഘോഷിക്കുകയാണല്ലോ. സൺഡേസ്കൂൾ സമാജം പ്രവർത്തകരേയും പ്രവർത്തനങ്ങളേയും ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുന്നതിനു ആ ദിവസം വേർതിരിക്കണം. അന്നേദിവസം നമ്മുടെ കുട്ടികൾക്കും അദ്ധ്യാപകർക്കും ആരാധനയിൽ പ്രാമുഖ്യം നൽകണം. അതോടൊപ്പം ആ ദിവസത്തെ സ്തോത്രകാഴ്ചയിൽ എല്ലാവരും ഔദാര്യമായി പങ്കുചേരുകയും, സമാജം പ്രവർത്തനത്തിനുള്ള ദൈനംദിന ചിലവുകൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ അവ മുഴുവനായും സമാജം ഓഫീസിൽ അടയ്ക്കുവാൻ ചുമതലക്കാരും ശ്രദ്ധിക്കണം. നമ്മുടെ കുഞ്ഞുങ്ങളുടെ സൺഡേസ്കൂൾ അഭ്യസനം അവരിൽ ആത്മീയ ദർശനവും ആദർശശുദ്ധിയും ദൈവിക ബോധവും വളർത്തുവാൻ ദൈവം ഇടയാക്കട്ടെ.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ക്രിസ്താബ്ദം 2026 ഒക്ടോബർ മാസം 1-ാം തീയതി,

കോഴിക്കോട് മാർത്തോമ്മാ സെന്ററിൽ നിന്നും,

**ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ**

സമാജം പ്രസിഡന്റ്

# MALANKARA MAR THOMA SYRIAN CHURCH

**FROM THE PRESIDENT OF THE MAR THOMA SUNDAY SCHOOL SAMAJAM**

**Dr. Mathews Mar Makarios Episcopa**

Circular No. 21

Dearly beloved in the Lord,

The Mar Thoma Sunday School Samajam, established in 1905 with the mission call 'Come to Jesus. Bring every child to Jesus', has completed 121 years of ministry. We offer thanksgiving to God for His grace that has sustained the Samajam's activities throughout this journey, right up to this day. Through its Sunday Schools, the Samajam carries out a vital ministry of leading children growing in the different Dioceses of the Church that spans diverse languages, cultures and regions into a living relationship with Jesus; preparing them to live as witnesses for Christ; fostering an interest in studying the Bible; and teaching them the Church's faith, worship, practices and traditions, thereby equipping them to grow relying on God and with social awareness.

We must always focus on guiding children to accept Jesus Christ as their personal Saviour and Lord. The Samajam's various initiatives namely, 'Kollam Aashraya', 'Wayanad Sugandhagiri' and 'CEC Charalkunnu', are progressing successfully. Sunday School children are studying Volumes 1 and 2 of the curricula based on the theme 'Growing in God's Love'. Parents must ensure that they send their children to Sunday School so that they learn the Word of God. In order to make certain that the Samajam's activities reach all our church members, the Samajam is being supported by two Assistant Secretaries who work alongside the General Secretary. In addition to Rev. Noble Meleth Mathew, Rev. Sijo Varghese has been appointed to work from Mumbai, focusing on Sunday School activities outside Keralam. We seek everyone's cooperation and prayers for the Samajam's efforts to strengthen Sunday Schools in cities and villages outside Keralam. The Episcopal Synod and the Evangelistic Association have granted permission to hold a special convention for children and teachers - the first of its kind - on the concluding Sunday of next year's Maramon Convention, from 9:30 AM to 10:30 AM. Please pray for the arrangements of this event and prepare in advance, to attend the convention.

We are celebrating Sunday, November 1, 2026, as World Sunday School Day. This day should be set apart to offer special prayers for the Sunday School Samajam workers and its activities. On this day, prominence should be given to our children and teachers during the worship service. Furthermore, everyone should participate generously in the Thanksgiving Offering; given the rising daily expenses of the Samajam's operations, those responsible must ensure that the full amount is remitted to the Samajam Office. May God grant that the Sunday School tutoring our children receive, fosters spiritual vision, purity of ideals and a Divine awareness within them.

May the grace of our Lord Jesus Christ be with you all.

Dated 1st October 2026

from the Mar Thoma Centre, Calicut.

**Rt. Rev. Dr. Mathews Mar Makarios Episcopa**

President, Sunday School Samajam

2) **ലീഡർ**: കർത്താവായ യേശുവേ, ആഗോള സഭയ്ക്കായും പ്രത്യേകിച്ച് ഞങ്ങളുടെ സഭയ്ക്കായും, ഞങ്ങൾക്ക് ഇപ്പോൾ നേതൃത്വം നൽകുന്ന ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എല്ലാ തിരുമേനിമാർ, വൈദികർ, സുവിശേഷകർ, വിശ്വസസമൂഹം എന്നിവരെയും ഓർത്ത് പ്രാർത്ഥിക്കുന്നു. വിശ്വാസത്തിൽ വളരുവാനും സൽപ്രവൃത്തികളിൽ സമൃദ്ധരാകുവാനും ജീവിതകാലം മുഴുവൻ നിന്നെ പിന്തുടരുന്നതിൽ സന്തോഷിക്കുവാനും ഞങ്ങളെ സഹായിക്കണമേ...

**പ്രതിവാക്യം : ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

3) **ലീഡർ**: കർത്താവായ യേശുവേ, 121 വർഷങ്ങൾ പിന്നിട്ട മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിനായും ഇപ്പോൾ നേതൃത്വം നൽകുന്ന സമാജം പ്രസിഡന്റ് ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി, ജനറൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറിമാർ, ഭാരവാഹികൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, സ്റ്റാഫ് അംഗങ്ങൾ, ഭദ്രാസന, ഡിസ്ട്രിക്റ്റ്, സെന്റർ പ്രവർത്തകർ, ലോകമെമ്പാടുമുള്ള സൺഡേസ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കായും, അദ്ധ്യാപകർക്കായും മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിന്റെ ചുമതലയിലുള്ള കൊല്ലം ആശ്രയാ ഹോമിലെയും, വയനാട് സുഗന്ധഗിരി പദ്ധതിയിലെയും കുട്ടികൾക്കായും സൺഡേസ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു....

**പ്രതിവാക്യം : ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

## സമർപ്പണ പ്രാർത്ഥന (എല്ലാവരും ചേർന്ന്)

കർത്താവായ യേശുവേ, ഞങ്ങളെത്തന്നെ പൂർണ്ണമായി നിനക്ക് സമർപ്പിക്കുന്നു. അങ്ങയുടെ പ്രകാശം പകരുന്ന വിശ്വസ്തരായ മക്കളായി ഞങ്ങളെ രൂപാന്തരപ്പെടുത്തണമേ. നിന്റെ ഇഷ്ടപ്രകാരം ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. എല്ലാവർക്കും നിന്റെ സ്നേഹവും നന്മയും അനുഭവിക്കുവാൻ സഹായിക്കേണമേ. നിന്റെ ധീരരായ സാക്ഷികളായും കൃപയുടെയും കരുണയുടെയും ഉപകരണങ്ങളായും ജീവിക്കുവാൻ ഞങ്ങളെ നയിക്കണമേ. ഇരുട്ടിൽ പ്രകാശിക്കുന്ന വിളക്കുകളായി ലോകത്തിലേക്ക് ഞങ്ങളെ അയയ്ക്കണമേ. നിന്റെ പ്രകാശത്തിൽ ഒരുമിച്ച് നടക്കുവാനും ഭൂമിയിൽ നിന്റെ രാജ്യം പടുത്തുയർത്തുവാനും ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിന്റെ നാമത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ആമേൻ**

# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം
# അഖിലലോക സൺഡേസ്കൂൾ ദിനം
### 2026 നവംബർ 01, ഞായർ

### ചിന്താവിഷയം : "പ്രകാശത്തിന്റെ മക്കളാകുക"
## ആരാധന ക്രമം

(മെത്രാപ്പോലീത്തയുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നത്)

**ആരാധനാഹ്വാനം**

'കർത്താവിനു പ്രസാദമായത് എന്തെന്നു പരിശോധിച്ചുകൊണ്ടു വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ' **(എഫെസ്യർ 5: 9)**

**പാട്ട്** :
**കൗമ്മ** :

**പ്രാരംഭ പ്രാർത്ഥന**

**ലീഡർ** : ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, സകലത്തിന്റെയും സ്രഷ്ടാവേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സത്യത്തിന്റെയും ജീവന്റെയും ആധാരമായ നിന്നെ അനുഭവിച്ചറിയാൻ ഞങ്ങൾ നിന്റെ സന്നിധിയിൽ വരുന്നു. ലോകത്തിന്റെ പ്രകാശമായ യേശുക്രിസ്തുവിനെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. അവിടുത്തെ ജീവിതത്തിലൂടെയും മരണത്തിലൂടെയും മഹത്വകരമായ പുനരുത്ഥാനത്തിലൂടെയും ഞങ്ങളെ വീണ്ടെടുത്തതിനാൽ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും, സത്യത്തിലേക്ക് ഞങ്ങളെ നയിക്കുകയും, പ്രകാശത്തിന്റെ മക്കളായി ജീവിക്കുവാൻ സഹായിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ത്രിയേക ദൈവമേ, ഇപ്പോഴും എന്നേക്കും സകല ബഹുമാനവും സ്തുതിയും മഹത്വവും നിനക്കു മാത്രമുള്ളതാകുന്നു.

**ജ: ആമേൻ...**

## അനുതാപ പ്രാർത്ഥന

'എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു'. **(യാക്കോബ് 5:16)**

ഓരോ പ്രാർത്ഥനയ്ക്കും ശേഷം **"കരുണയുള്ള കർത്താവേ, ഞങ്ങളോട് ക്ഷമിക്കണമേ"** എന്ന് പ്രതിവാക്യമായി പറയാം.

1) **ലീഡർ:** പ്രകാശത്തിന്റെ മക്കളായി ജീവിക്കുവാൻ നീ ഞങ്ങളെ വിളിച്ചു. എന്നാൽ പലപ്പോഴും ഇരുളിന്റെ വഴികളെ ഞങ്ങൾ തെരഞ്ഞെടുത്തു. നീ ഞങ്ങളോട് കാണിച്ച കൃപയ്ക്കു പകരം മറ്റുള്ളവരോട് കഠിനമായി പെരുമാറിയ കുറവുകളെ ഞങ്ങളോട് ക്ഷമിക്കണമേ.....

**പ്രതിവാക്യം : കരുണയുള്ള കർത്താവേ, ഞങ്ങളോട് ക്ഷമിക്കണമേ.**

2) **ലീഡർ:** ഞങ്ങളുടെ സമയം പരിമിതവും അമൂല്യവുമാണെന്ന് മനസ്സിലാക്കിയിട്ടും ഞങ്ങൾ വചനം വായിക്കാനും ധ്യാനിക്കാനും ശ്രമിക്കാതെ സ്ക്രീനുകളിൽ സമയം പാഴാക്കിയും, സാമൂഹിക മാധ്യമങ്ങളിൽ ഏറെ സമയം ചെലവഴിക്കുകയും ഞങ്ങൾക്ക് ചുറ്റുമുള്ള ലൗകിക സുഖങ്ങളിൽ അടിമപ്പെടുകയും ചെയ്ത കുറവുകളെ ഞങ്ങളോട് ക്ഷമിക്കണമേ...

**പ്രതിവാക്യം : കരുണയുള്ള കർത്താവേ, ഞങ്ങളോട് ക്ഷമിക്കണമേ.**

3) **ലീഡർ:** സൺഡേസ്കൂളുകളിലൂടെയും സഭയുടെ കൂട്ടായ്മയിലൂടെയും നിന്റെ സ്നേഹത്തെ നൽകി ഞങ്ങളെ അനുഗ്രഹിച്ചുവല്ലോ. എന്നാൽ, നിന്റെ സ്നേഹം മറ്റുള്ളവരുമായി പങ്കുവെക്കുന്നതിലും, ദയ കാണിക്കുന്നതിലും, ഞങ്ങളുടെ ചുറ്റുമുള്ളവർക്ക് പ്രത്യാശ നൽകുന്നതിലും പലപ്പോഴും പരാജയപെട്ടു പോയി. ഞങ്ങളുടെ ഈ കുറവുകളെ ഞങ്ങളോട് ക്ഷമിക്കണമേ....

**പ്രതിവാക്യം : കരുണയുള്ള കർത്താവേ, ഞങ്ങളോട് ക്ഷമിക്കണമേ.**

## സ്തോത്ര പ്രാർത്ഥന

'എല്ലാറ്റിനും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം'. **(1 തെസ്സലൊനീക്യർ 5:18)**

ഓരോ പ്രാർത്ഥനയ്ക്കും ശേഷം "**ദൈവമേ, ഞങ്ങൾ നിനക്ക് നന്ദി പറയുന്നു**" എന്ന് പ്രതിവാക്യമായി പറയാം.

1) **ലീഡർ:** ദൈവമേ, എല്ലാ നല്ല ദാനങ്ങൾക്കും ഞങ്ങൾ നിനക്ക് നന്ദി പറയുന്നു. ഞങ്ങളുടെ കുടുംബങ്ങൾക്കായും, സുഹൃത്തുക്കൾക്കായും, അദ്ധ്യാപകർക്കായും ഞങ്ങൾ നന്ദി പറയുന്നു. അവരിലൂടെ ഞങ്ങളെ സ്നേഹവും ജ്ഞാനവും പ്രത്യാശയും ഉള്ളവരായി മാറ്റിയ കൃപകൾക്കായി....

**പ്രതിവാക്യം : ദൈവമേ, ഞങ്ങൾ നിനക്ക് നന്ദി പറയുന്നു.**

2) **ലീഡർ** : ദൈവമേ, നിന്റെ വചനം ഞങ്ങളുടെ കാലുകൾക്ക് ദീപവും പാതയ്ക്ക് പ്രകാശവുമാണല്ലോ. എല്ലാ കാലങ്ങളിലും എല്ലാ സമയങ്ങളിലും നിന്റെ വചനം ഞങ്ങളോട് സംസാരിക്കുകയും, ഞങ്ങൾക്ക് ഉത്തരം നൽകുകയും, ആശ്വസിപ്പിക്കുകയും, ഞങ്ങളെ താങ്ങിനിർത്തുകയും ചെയ്തിരിക്കുന്നു. ഇത്തരത്തിൽ നിന്റെ സാന്നിധ്യം അനുഭവിച്ച ഓരോ നിമിഷത്തിനുമായി....

**പ്രതിവാക്യം : ദൈവമേ, ഞങ്ങൾ നിനക്ക് നന്ദി പറയുന്നു.**

3) **ലീഡർ** : ദൈവമേ, മാർത്തോമ്മാ സുറിയാനി സഭയ്ക്കായും, വിശേഷാൽ മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിനായും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളെ വചനം പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായും ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു. തലമുറകളെ വിശ്വാസത്തിലും നീതിയിലും വളർത്തുന്നതിനായി അവർ ചെയ്യുന്ന കൃപാപൂർണ്ണമായ ശുശ്രൂഷയ്ക്കും തുടർച്ചയായ പരിശ്രമങ്ങൾക്കും വേണ്ടി....

**പ്രതിവാക്യം : ദൈവമേ, ഞങ്ങൾ നിനക്ക് നന്ദി പറയുന്നു.**

## മദ്ധ്യസ്ഥ പ്രാർത്ഥന

'അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്ക് ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു'. **(മർക്കൊസ് 11:24)**

ഓരോ പ്രാർത്ഥനയ്ക്കും ശേഷം, **"ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ"** എന്ന് പ്രതിവാക്യമായി പറയാം.

1) **ലീഡർ:** കർത്താവായ യേശുവേ, ഏകാന്തതയുടെയും ഉത്കണ്ഠയുടെയും നിരാശയുടെയും മദ്ധ്യേ വളരുന്ന അനേകം കുഞ്ഞുങ്ങളെ ഞങ്ങൾ ഓർക്കുന്നു. മാനസിക ബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികൾക്കായും, പീഡനത്തിനിരയാകുന്നവർക്കായും, പട്ടിണിയും ഭവനരാഹിത്യവും വിദ്യാഭ്യാസത്തിന്റെ അഭാവവും അനുഭവിക്കുന്ന കുട്ടികൾക്കായും, യുദ്ധത്തിന്റെയും ബാലവേലയുടെയും പീഡനത്തിന്റെയും ഇരകളായ, തങ്ങൾക്കുവേണ്ടി സംസാരിക്കുവാൻ ആരുമില്ലാത്ത, കുട്ടികൾക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയുടെ പ്രകാശം അവരുടെ ജീവിതത്തിലേക്ക് കടന്നുചെല്ലുകയും, അവർ അനുഗ്രഹീതരായി വളരുവാൻ സഹായിക്കുകയും ചെയ്യണമേ....

**പ്രതിവാക്യം : ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

**Leader:** Lord Jesus, we pray for the universal church and especially for our church and its Metropolitan His Grace The Most Rev. Dr. Theodosius Mar Thoma Metropolitan, Suffragan Metropolitans, all the Bishops, Clergy, Evangelists and all the faithfull members of the Church. Help us to grow in faith, abound in good works and delight in following You all the days of their lives...

**Response: O Lord, Hear our prayer.**

**Leader:** Lord Jesus, we pray for the Mar Thoma Sunday School Samajam which has completed 121 years. We also pray for our President Dr. Mathews Mar Makarios Thirumeni, the General Secretary, Assistant Secretaries, Office Bearers, Managing Committee Members, Staff Members, Diocese, District and Centre Workers, Teachers, and Students, we also pray for the children of Kollam Ashraya Home and Wayanad Suganthagiri Project, under the Mar Thoma Sunday School Samajam and for all the activities of the Sunday School spread throughout the world...

**Response: O Lord, Hear our prayer.**

### Dedication Prayer (All Together)

O Lord Jesus, we surrender ourselves completely to You. Transform us into faithful followers who shine in Your light. Help us to live according to Your will, so that those around us may see Your love and goodness in our lives. Guide us to be bold witnesses of Your truth and instruments of Your grace and mercy. Send us forth into the world as lights shining in the darkness. Strengthen us to walk together in Your light and to build Your kingdom on earth. In Your precious and holy name, we pray. **Amen.**

# MAR THOMA SUNDAY SCHOOL SAMAJAM

## *World Sunday School Day*

## 2026, November 01, Sunday

*Theme: Be the Children of Light*

# WORSHIP ORDER

(Published with the approval of the Metropolitan)

### Call to Worship

*Live as children of light (for the fruit of the light consists in all goodness, righteousness and truth) and find out what pleases the Lord.* **(Ephesians 5:9 -10)**

**Song :**

**Kauma :**

### Opening Prayer

**Leader:** Our Heavenly Father, Creator of all things, we lift our voices in praise to You. We come into Your presence to behold the radiance of Your truth and life. We magnify Jesus Christ, the Light of the world. We thank You for redeeming us through his life, death and glorious resurrection. We praise You the Holy Spirit, who illuminates our hearts, reveals the truth, guides us, and empowers us to live as children of light. To You alone all honour, praise, and glory, both now and forever. **Amen.**

## Confession Prayer

*Therefore, confess your sins to each other and pray for each other so that you may be healed. The prayer of a righteous person is powerful and effective.* **(James 5:16)**

After each prayer let us respond: **"Merciful Lord, forgive us."**

**Leader:** You called us to be children of light, but there have been many times we have chosen to stay in the shadows. Forgive us for the times we treat others with harshness rather than the grace with which You have treated us. For these our sins...

**Response: Merciful Lord, forgive us.**

**Leader:** We acknowledge that the time we have in this world is limited and precious. Yet, we have spent hours scrolling through our screens and comparing ourselves with others. We have spent much time crafting posts and replies, instead of reading and meditating on Your word. We have become enslaved to the worldly pleasures around us. For these our sins...

**Response: Merciful Lord, forgive us.**

**Leader:** You have blessed us with Your love through Sunday school and the fellowship of the Church. However we have often failed to share Your love with others to show kindness and to give hope for these our sins...

**Response: Merciful Lord, forgive us.**

## Thanksgiving Prayer

*Give thanks in all circumstances; for this is God's will for you in Christ Jesus.* **(1 Thessalonians 5:18)**

After each prayer let us respond: **"O God, we thank you."**

**Leader:** O Lord, we thank You for all the good gifts. We thank You, for our families, for our friends, and for our teachers. Through them, You have filled our lives with love, wisdom, and hope. For these blessings...

**Response: O God, we thank you.**

**Leader**: O Lord, Your word is a lamp unto our feet and a light unto our path. In every season, in every moment, Your Word has spoken to us, it has answered us, comforted us, and carried us through. Every moment we have felt Your presence in this way...

**Response: O God, we thank you.**

**Leader:** O Lord, we praise You for the Mar Thoma Syrian Church, especially the Mar Thoma Sunday School Samajam. We thank You for the teachers, who teach us the word. For their graceful service and their continued efforts to nurture generations in faith and righteousness...

**Response: O God, we thank you.**

## Intercessory Prayer

*Therefore I tell you, whatever you ask for in prayer, believe that you have received it, and it will be yours.* **(Mark 11:24)**

After each prayer let us respond: **"O Lord Hear our prayer"**

**Leader:** Lord Jesus we remember the many children today who are growing up in loneliness, anxiety, and hopelessness. We pray for children struggling with mental health issues for those who are victims of abuse, for those who are hungry, homeless, deprived of education, those who are victims of war, child labour, and for those who have no one to speak for them**.** May your light, shine upon them so that they may grow in Your blessings...

**Response: O Lord, Hear our prayer.**